# മാനന്തവാടി നഗരസഭാ കാര്യാലയം

**പി.ഒ മാനന്തവാടി, പിൻ-670645,വയനാട് ജില്ല**
**email:-mndymunicipality@gmail.com**

നം.എ6-17236/18 തിയതി: 06/03/2020

## <u>പുനർ ലേലം/ക്വട്ടേഷൻ നോട്ടീസ് 2020-21</u>

മാനന്തവാടി നഗരസഭ കംഫർട്ട് സ്റ്റേഷനുകളുടെ പരസ്യലേലം 18/03/2020 തീയതി ഉച്ചയ്ക്കുശേഷം 3 മണിക്ക് മാനന്തവാടി നഗരസഭ കോൺഫറൻസ് ഹാളിൽ വെച്ച് നഗരസഭ ഉദ്യോഗസ്ഥരുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെയും സാന്നിധ്യത്തിൽ നടത്തപ്പെടുന്നതാണ്.

ലേല ഇനം : 1. ബസ്സ്റ്റാന്റ് കംഫർട്ട്സ്റ്റേഷൻ
2. ഗാന്ധിപാർക്ക് കംഫർട്ട്സ്റ്റേഷൻ
3. വള്ളിയൂർക്കാവ് കംഫർട്ട്സ്റ്റേഷൻ

നിരതദ്രവ്യം - 25000/-രൂപ (ഓരോ ഇനത്തിനും)

ഹാജരാക്കേണ്ട സോൾവൻസി ബാങ്ക് ഗാരണ്ടി - 100000/-

ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ചതിന്റെ അസ്സല് രസീതി അടക്കം ചെയ്യേണ്ടതാകുന്നു. ഏതെങ്കിലും കാരണവശാൽ ലേലദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം തന്നെ ഇതേ പരസ്യ പ്രകാരവും നിബന്ധനകൾ അനുസരിച്ചും ലേലം നടത്തുന്നതാണ്. ലേലത്തിലോ, ക്വട്ടേഷനിലോ ഏതിലാണ് കൂടുതൽ തുക രേഖപ്പെടുത്തിയിരിക്കുന്നത് ആയത് കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി ഉറപ്പിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനോ മാറ്റിവെക്കുന്നതിനോ ഉള്ള അധികാരം കൗൺസിലിൽ/സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

## <u>ലേലനിബന്ധനകൾ</u>

1. കംഫർട്ട്സ്റ്റേഷൻ ലേലത്തിൽ പങ്കെടുക്കണമെന്നാഗ്രഹിക്കുന്നവർ 17/03/2020 തിയതി പകൽ 3 മണിക്ക് മുൻപായ് നിരതദ്രവ്യം ഓഫീസിൽ അടച്ച് രസീത് വാങ്ങിക്കൊള്ളേണ്ടതാണ്. സാമ്പത്തികശേഷി തെളിയിക്കുന്നതിന് തഹസിൽദാർ നൽകുന്ന സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലേല ദിവസം യാതൊരു കാരണവശാലും EMDയോ ക്വട്ടേഷനുകളോ സ്വീകരിക്കുന്നതല്ല. അംഗീകൃത നാഷണലൈഡ് ഷെഡ്യൂൾഡ് ബാങ്ക് നൽകുന്ന ബാങ്ക് ഗ്യാരണ്ടിയും സ്വീകരിക്കുന്നതാണ്. സോൾവൻസിയോ ബാങ്ക് ഗ്യാരണ്ടിയോ ഹാജരാക്കുവാൻ സാധിക്കാത്തവർ അതാതിന്റെ ഇനത്തിനു നിശ്ചയിക്കുന്ന സോൾവൻസി തുക 17/03/2020 തിയതി പകൽ 3 മണിക്കു മുൻപായി നഗരസഭയിൽ അടയ്ക്കേണ്ടതും, താത്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻ തന്നെ ലേല തുകയുടെ 50% നഗരസഭയിൽ അടച്ച് രസീത് വാങ്ങേണ്ടതും ആ വിവരം ലേലത്തിൽ പങ്കെടുക്കുന്നതിനു മുൻപായി എഴുതി ഹാജരാക്കേണ്ടതും ആണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിരതദ്രവ്യം അടച്ച രശീത് ക്വട്ടേഷനോടുകൂടി

ചേർത്തിരിക്കേണ്ടതാണ്. മതിയായ സോൾവൻസിയോ/ബാങ്ക് ഗ്യാരണ്ടിയോ ഹാജരാക്കാത്ത വരെ യാതൊരു കാരണവശാലും ലേലഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

2. ലേല കാലാവധി 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയായിരിക്കും.
3. നിരതദ്രവ്യം 25000/
4. ലേലം കൊള്ളുന്നയാൾ ലേല തുകയുടെ പകുതി ലേല തിയതിയിൽ തന്നെ നഗരസഭയിൽ ഒടുക്കേണ്ടതാണ്.
5. ലേലതുകയുടെ ബാക്കിയും എഗ്രിമെന്റും ഭരണസമിതി അംഗീകരിച്ച തിയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ നഗരസഭയിൽ നൽകണം.
6. ഏതെങ്കിലും കാരണവശാൽ ലേലം മറ്റേതെങ്കിലും ദിവസത്തേക്ക് മാറ്റി വെക്കാനും ലേല സമയത്ത് യുക്തം പോലെ പരസ്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന നിയമങ്ങളോ ചട്ടങ്ങളോ മാറ്റുവാനും ഭേദഗതി ചെയ്യുവാനും കൂട്ടി ചേർക്കുവാനും സെക്രട്ടറിക്ക് ആധികാരമുണ്ടായിരിക്കുന്നതാണ്. മേൽ പറഞ്ഞ നിബന്ധനകളിൽ എന്തെങ്കിലും തർക്കം ഉണ്ടാവുകയോ വിശദീകരണം ആവശ്യം വരുകയോ ചെയ്താൽ അതിൻമേൽ നഗരസഭ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും.
7. നിശ്ചിത സംഖ്യ അടച്ച് കരാറെഴുതി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടെണ്ടർ/ ലേലക്കാരൻ ഒടുക്കിയ സംഖ്യ നഗരസഭ ഫണ്ടിൽ മുതൽകൂട്ടി ടിയാന്റെ നഷ്ടേത്തരവാദിത്വത്തിൽ പുനർലേലം/ ടെണ്ടർ നടത്തുന്നതുമാണ്.
8. ഉടമ്പടി ഒപ്പിട്ട് തരുന്നതുവരെ, അഥവാ ആവശ്യപ്പെടുകയാണെങ്കിൽ രജിസ്റ്റർ ചെയ്യുന്നതുവരെ, മുനിസിപ്പൽ വസ്തു ഏൽപ്പിച്ചു തരുന്നതല്ല.
9. നിയമാനുസൃതമുള്ള ഡെപ്പോസിറ്റ് സംഖ്യ അടച്ചിട്ടുണ്ടെങ്കിലും ഉടമ്പടി എഴുതി വയ്ക്കാതെ മുനിസിപ്പൽ സ്വത്തുകളിൽ പ്രവേശിക്കുന്നതിനോ ഫീസ് പിരിക്കുന്നതിനോ ഉള്ള അധികാരം കുത്തകക്കാരന്/ലേലക്കാരന് ഉണ്ടായിരിക്കുന്നതല്ല. കരാറുകാരന്റെ സൂക്ഷ്മതക്കുറവോ, കൃത്യവിലോപമോ, വ്യവസ്ഥാലംഘനമോ മൂലം കൗൺസിലിന് വല്ല സാമ്പത്തിക നഷ്ടവും നേരിടുന്നുണ്ടെങ്കിൽ ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
10. ലൈസൻസി/ലേലക്കാരൻ കരാർ സംബന്ധമായ എല്ലാ മുനിസിപ്പൽ നിയമങ്ങളും ചട്ടങ്ങളും ഈ ബൈലോയിലെയും അതാത് സമയത്തുണ്ടാക്കുന്ന ചട്ടങ്ങളിലെയും കൽപ്പനകളും അനുസരിച്ച് നടത്താൻ ബാദ്ധ്യസ്ഥനാണ്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകളും നിയമങ്ങളും അനുസരിച്ചുണ്ടാകുന്ന എല്ലാ തീരുമാനങ്ങളും ഈ നിബന്ധനകൾക്കു പുറമേ ബാധകമായിരിക്കും. ആവശ്യമാണെങ്കിൽ പുതിയ വ്യവസ്ഥകൾ കൂട്ടി ചേർക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ നഗരസഭക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും ആയതിനെ ചോദ്യം ചെയ്യുന്നതിന് ലൈസൻസിക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.
11. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ച് നിയമാനുസൃതം അടവാക്കേണ്ട എല്ലാ നികുതികളും ഫീസുകളും മറ്റു തുകയടക്കലുകളും (സർവ്വീസ് ടാക്സ്, എജ്യുക്കേഷൻ സെസ്സ്, ഹയർ എജ്യുക്കേഷൻ സെസ്സ്, ചരക്കുസേവന നികുതി എന്നിവ ഉൾപ്പെടെ) ലൈസൻസ് ഫീസിനു /ലേല തുകയ്ക്ക് പുറമെ അടയ്ക്കുവാൻ ലൈസൻസി/ ലേലത്തിൽ എടുത്ത ആൾ ബാദ്ധ്യസ്ഥനാണ്. വ്യാപാരം നടത്തുവാൻ എന്തെങ്കിലും അനുവാദം ഏതെങ്കിലും ഡിപ്പാർട്ട്മെന്റിൽ നിന്ന് വാങ്ങേണ്ടതുണ്ടെങ്കിൽ ആയത് വാങ്ങിച്ച് മാത്രമേ വ്യാപാരം തുടങ്ങുവാൻ പാടുള്ളൂ.

മുനിസിപ്പാലിറ്റിയിൽ അടക്കേണ്ട കിസ്ത് തുക അടക്കാതിരിക്കുവാൻ അത് കാരണമായിരിക്കുന്നതല്ല.

12. കരാറുകാരന് പിരിവെടുക്കുന്നതിന് ഏൽപ്പിക്കുന്ന സ്ഥലത്തിന്റെ പരിസരം എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അവിടെ ഉണ്ടാകുന്ന മാലിന്യങ്ങൾ സ്വന്തം ചെലവിൽ യഥാസമയം ഒഴിവാക്കേണ്ടതും നഗരസഭയിൽ നിന്നും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി യാതൊരു ആളെയും കച്ചവടം ചെയ്യുന്നതിനോ, വ്യാപരിക്കുന്നതിനോ അനുവദിക്കുവാൻ പാടില്ലാത്തതാകുന്നു.

13. ലൈസൻസ് കാലാവധിക്കുള്ളിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ ടിയാനിൽ നിന്നും മുനിസിപ്പാലിറ്റിയ്ക്ക് കിട്ടാനുള്ള സംഖ്യയ്ക്ക് ലൈസൻസിയുടെ നിയമാനുസൃതമുള്ള അനന്തരാവകാശി ബാധ്യസ്ഥനായിരിക്കും.

21 മുനിസിപ്പൽ കൗൺസിലോ മുനിസിപ്പൽ സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ജോലിക്കാരോ ഏത് സമയത്തും പരിശോധന നടത്തുവാനുള്ള അധികാരം ഉണ്ടായിരിക്കും. പരിശോധന സമയത്ത് എന്തെങ്കിലും ന്യൂനതകൾ കാണുന്നതായാൽ അവ സെക്രട്ടറിയിൽ നിന്ന് ലഭിക്കുന്ന നോട്ടീസിൽ പറഞ്ഞ കാലപരിധിക്കകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യുവാൻ ലൈസൻസുകാരൻ ബാദ്ധ്യസ്ഥനാണ്.

22 കൗൺസിലിന്റെ രേഖാമൂലമായ അനുമതി കൂടാതെ ലേലാവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാകുന്നു. KMA-Sect.215 (4)(2).

23 ടെണ്ടർ/ലേലം ചെയ്യുന്ന ഇടങ്ങളിൽ വൈദ്യുതി, വെള്ളം എന്നിവ ആവശ്യമുണ്ടെങ്കിൽ കണക്ഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള മുഴുവൻ പ്രവർത്തനങ്ങളും ലൈസൻസിയുടെ ഭാഗത്ത് നിന്ന് സ്വീകരിക്കേണ്ടതാണ്. അതിനു വരുന്ന കാലതാമസം ലൈസൻസ് ഫീസ് അടക്കാതിരിക്കുവാൻ ഒരു കാരണമായി വരുന്നതല്ല. അതായത് ഓഫീസിൽ നിന്ന് മുറി/സ്റ്റാൾ/മറ്റു വസ്തുവകകൾ ഏൽപ്പിച്ചു തരുന്ന തീയ്യതി മുതൽ ടെണ്ടർ കൊണ്ട ആൾ എൽ.എഫ് കിസ്ത് സംഖ്യ അടക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

24 മുനിസിപ്പാലിറ്റി വക കെട്ടിടങ്ങളിൽ ഇലക്ട്രിക് കണക്ഷനോ പൈപ്പ് കണക്ഷനോ ഉണ്ടെങ്കിൽ ഓരോ ഇനത്തിൽ വരുന്ന ചാർജ്ജ് അതാത് മാസം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ സ്വന്തമായി കരാറുകാരൻ തന്നെ അടക്കുവാൻ ബാദ്ധ്യസ്ഥനാണ്.

25 പൊതു ഉപയോഗ സാധനങ്ങൾക്കുള്ള തുറന്ന സ്ഥലങ്ങളും വരാന്തയും യാതൊരു തടസ്സങ്ങളും കൂടാതെ അതുപോലെ തന്നെ നിലനിർത്തുന്നതിന് ലൈസൻസികൾ ബാധ്യസ്ഥരാണ്.

26 മുനിസിപ്പാലിറ്റിയുമായി ഏതെങ്കിലും കരാർ ലംഘനം നടത്തിയിട്ടുള്ളവർക്കും 18 വയസ്സ് തികയാത്തവർക്കും പാപ്പരായി കോടതി പ്രഖ്യാപിച്ചിട്ടുള്ളവർക്കും, ഭൂമി വസ്തുവകകൾ എന്നിവ ഏൽപ്പിക്കുവാൻ മറ്റ് കാരണങ്ങളാൽ യോഗ്യരല്ലെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെട്ടിട്ടുള്ളവർക്കും ലേലത്തിൽ / ടെണ്ടറിൽ പങ്കെടുക്കുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

27 നഗരസഭയിൽ മുൻ ലേലങ്ങളിൽ പങ്കെടുത്ത് ബാധ്യതവരുത്തിയവർ ലേലത്തിൽ പങ്കെടുക്കുവാൻ പാടില്ലാത്തതാണ്. അപ്രകാരം കണ്ടെത്തിയാൽ അത്തരക്കാരുടെ ലേലം നിരുപാധികം റദ്ദാക്കുന്നതാണ്.

28 ഏതവസരത്തിലും തക്കതായ കാരണത്താൽ കരാർ റദ്ദ് ചെയ്യുന്നതിന് കൗൺസിലിന്/ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

OFFICE MANANTHAVADY MUNICIPAL MANANTHAVADY P.O.

സെക്രട്ടറി
മാനന്തവാടി നഗരസഭ
SECRETARY
MANANTHAVADY MUNICIPALITY